# തജ്‌വീദ് التجويد

## ഖുർആൻ പാരായണനിയമങ്ങൾ

ആമുഖം

മനുഷ്യർക്കാകമാനമുള്ള ദൈവികകാരുണ്യമാണ് വിശുദ്ധ ഖുർആൻ. മാർഗദർശകഗ്രന്ഥവും നിയമസംഹിതയുമാണത്. മനുഷ്യർക്ക് ദൈവികമാർഗദർശനത്തെ വിശദീകരിച്ചുകൊടുക്കുകയും ഏകദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതത്തിലൂടെ അവരെ സംസ്കരിക്കുകയും ദൈവികപൊരുത്തത്തിലേക്കും പരലോകമോക്ഷത്തിലേക്കും നയിക്കുകയുമാണ് ഖുർആൻ ചെയ്യുന്നത്.

ഖുർആൻെറ പഠനവും പാരായണവും പ്രതിഫലദായകമായ കർമങ്ങളാകുന്നു. അതിലെ ഓരോ വാക്കുച്ചരിക്കുന്നതിനും പുണ്യമുണ്ട്. എന്നാൽ സാധാരണ പുസ്തകങ്ങൾ വായിക്കുന്ന ലാഘവത്തോടെ അത് വായിക്കരുത്. അർഥവും ആശയവും ഉൾക്കൊള്ളുകയും ചിന്തിക്കുകയും ചെയ്തു വേണം ഖുർആൻ പഠിക്കുവാൻ.

ഖുർആൻ പാരായണത്തിന് ചില നിയമങ്ങളുണ്ട്. അക്ഷരങ്ങൾ ഉച്ചരിക്കുന്നതിൽ വരെ ആ നിയമങ്ങൾ പാലിക്കുകതന്നെ വേണം.

ഖുർആൻപാരായണം വേണ്ട രീതിയിൽ അഭ്യസിക്കാൻ സാധിച്ചിട്ടില്ലാത്തവരെ ഉദ്ദേശിച്ചു ലളിതമായാണ് ഇത് തയാറാക്കിയിട്ടുള്ളത്. അതിനാൽ സാധാരണക്കാരെ സംബന്ധിച്ച് പ്രാധാന്യമില്ലാത്തതെന്നു തോന്നിയ ചില ഭാഗങ്ങൾ ഈ പഠനത്തിൽ ഒഴിവാക്കിയിട്ടുണ്ട്.

### ഖുർആൻ പാരായണം എങ്ങനെ?

ഖുർആൻ അവതീർണമായ ശൈലിയിൽ പാരായണം ചെയ്യണം. സാവധാനത്തിലും അക്ഷര സ്ഫുടതയോടും കൂടിയാവുകയത്രെ അതിൻെറ രീതി. ഖുർആൻ പറഞ്ഞു: “നീ ഖുർആൻ നിർത്തി, നിർത്തി സാവകാശം പാരായണം” (മുസമ്മിൽ 4)

പാരായണത്തിൽ ശൈലിയും സ്വരവും നന്നാക്കണം. അക്ഷരങ്ങൾ സ്ഫുടമായിരിക്കണം. ഈ രീതിയിൽ പാരായണം ചെയ്യുമ്പോൾ പാലിക്കേണ്ട നിയമങ്ങളെയാണ് സാങ്കേതികമായി തജ്‌വീദ് എന്നു പറയുന്നത്.

ഖുർആൻ പാരായണം ഒരു ആരാധനയായതിനാൽ അല്ലാഹുവിൻെറ പൊരുത്തത്തിനു വേണ്ടി തെറ്റ് കൂടാതെയും ഭംഗിയായും നിർവഹിക്കുകയെന്നതാണ് അതിൻെറ സാങ്കേതികവശം. ഖുർആനോടുള്ള ബാധ്യത കൂടിയാണത്.

തജ്‌വീദ് പഠനത്തിന് രണ്ട് മാർഗങ്ങൾ അവലംബിക്കാവുന്നതാണ്.

ഒന്ന്: ഒരു ഗുരുനാഥൻെറ സമീപത്തുനിന്നും ഹൃദിസ്ഥമാക്കൽ.

രണ്ട്: നിയമങ്ങൾ പാലിച്ചുകൊണ്ടു നടത്തിയ പാരായണം ശ്രവിക്കൽ. എന്നാൽ ആദ്യത്തെ രീതിയാണ് ഏറെ പ്രയോജനം ചെയ്യുക.

ഖുർആൻ പാരായണനിയമവുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. അക്ഷരങ്ങളെ തെറ്റു കൂടാതെ, ശുദ്ധിയോടു കൂടി ഉച്ചരിക്കുക.
2. സാവധാനം പാരായണം ചെയ്തു ശീലിക്കുക.
3. സൂക്തങ്ങളിൽ പലയിടത്തും കാണുന്ന ചിഹ്നങ്ങളെ ശ്രദ്ധിക്കുകയും പാരായണ ത്തിൽ അവ പൂർണമായും പാലിക്കുകയും ചെയ്യുക.
4. ഈണത്തിലും നല്ല സ്വരത്തിലും പാരായണം ചെയ്യുക.
5. അമിതമായ ആവേശവും ഉയർന്ന സ്വരവും ധിറുതിയും ഉണ്ടാകരുത്.

ഈ രീതിയിൽ പാരായണം ചെയ്തു ശീലിക്കാൻ ശ്രമിക്കണം.

ഈ പാഠം തയാറാക്കാൻ അവലംബിച്ച കൃതികൾ:


١. أصول فن التجويد – سعيد اللحام        ٢. حق التلاوة – حسيني شيخ عثمان

٣. هداية الرحمن في تجويد القرآن – الشيخ عبد الوهاب دبس وزيت

٤. تفسير العشر الاواخر – الشيخ د/ محمد سليمان الأشقر



തയാറാക്കിയത്:
ജലീൽ താഴശ്ശേരി